"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

കൃഷി വകുപ്പ്- കൃഷി സ്ഥലം വാടകയ്ക്ക് എടുത്ത് കൃഷി ചെയ്യുന്ന കർഷകരും അസംരക്ഷിത വന ഭൂമിയിൽ കൃഷി ചെയ്യുന്ന കർഷകരും കൃഷി വകുപ്പിന്റെ ആനുകൂല്യങ്ങൾ ലഭ്യമാക്കുന്നതിന് നികുതി രസീതോ, വാടക കരാറിന്റെ പകർപ്പോ വനം വകുപ്പിന്റെ അനുമതിയോ വേണമെന്നുള്ള ആവശ്യം- സർക്കാർ ഉത്തരവ് പരിഷ്കരിച്ച്- ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**കൃഷി (കൃഷി) വകുപ്പ്**

സ.ഉ.(കൈ) നം.93/2022/AGRI തീയതി,തിരുവനന്തപുരം, 29-10-2022

---

പരാമർശം:-
1. സ.ഉ (എംഎസ്) നം. 167/2017/കൃഷി തീയതി 28.12.2017
2. 20.10.2022ന് ബഹു കൃഷി വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ കൂടിയ കൃഷി ദർശൻ അവലോകന യോഗത്തിന്റെ തീരുമാനം
3. 21.10.2022 തീയതിയിലെ കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ഡയറക്ടറുടെ ADFW/10728/2022-TP4 നമ്പർ കത്ത്

**ഉത്തരവ്**

കൃഷി സ്ഥലം വാടകയ്ക്ക് എടുത്ത് കൃഷി ചെയ്യുന്ന കർഷകർക്കും അസംരക്ഷിത വന ഭൂമിയിൽ കൃഷി ചെയ്യുന്ന കർഷകർക്കും കൃഷി വകുപ്പിന്റെ ആനുകൂല്യങ്ങൾ ലഭ്യമാക്കുന്നതിന് നികുതി രസീതോ , വാടക കരാറിന്റെ പകർപ്പോ വനം വകുപ്പിന്റെ അനുമതിയോ വേണമെന്നുള്ള ആവശ്യം കർഷകർക്ക് ആനുകൂല്യങ്ങൾ ലഭ്യമാക്കുന്നതിന് തടസ്സ കാരണമാകുന്നുവെന്നും ഇതിൽ കർഷക സൗഹൃദമായ സമീപനം സർക്കാർ സ്വീകരിക്കണമെന്നും ബഹു കൃഷി വകുപ്പ് മന്ത്രിയുടെ നേതൃത്വത്തിൽ നടത്തുന്ന കൃഷി ദർശൻ പരിപാടിയുടെ പരാതി പരിഹാര വേളയിൽ ആവശ്യമുയർന്നിരുന്നു . സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു .

2. പരാമർശം 1 പ്രകാരം അസംരക്ഷിത വനഭൂമിയിൽ കൃഷി ചെയ്യുന്ന ഹ്രസ്വ കാല വിളകൾക്കും വാർഷിക വിളകൾക്കും സംസ്ഥാന വിള ഇൻഷുറൻസ് പദ്ധതിയിലെ ആനുകൂല്യമായ കൃഷി നാശത്തിനു ലഭിക്കുന്ന നഷ്ട പരിഹാര തുക നല്കാവുന്നതാണെന്ന് സർക്കാർ ഉത്തരവ് നൽകിയിരുന്നു. എന്നാൽ ഇതിനായി വനം വകുപ്പിന്റെ രേഖ മൂലമുള്ള അനുമതിയും തുടർന്ന് കൃഷി ഭൂമിയുടെ എല്ലുക വ്യക്തമാക്കുന്ന റഫ് ഡയഗ്രം / ലൊക്കേഷൻ സ്കെച്ച് എന്നിവയോടൊപ്പം കൃഷി-വനം വകുപ്പ് ഉദ്യോഗസ്ഥരുടെ സംയുക്ത പരിശോധന റിപ്പോർട്ടും ആവശ്യമാണെന്ന് ഉത്തരവിൽ പ്രസ്താവിച്ചിരുന്നു. മാത്രമല്ല, കൃഷി ഭൂമി വാടകയ്ക്ക് എടുത്തു കൃഷി ചെയ്യുന്ന കർഷകരും നികുതി രസീതിന്റെ പകർപ്പ്, വാടക കരാറിന്റെ പകർപ്പ് എന്നിവ ഹാജരാക്കുന്നതിനും സാധിക്കുന്നില്ല. ഇത് പല പ്രായോഗിക ബുദ്ധിമുട്ടുകളും കർഷകർക്ക് ഉണ്ടാകുന്നതിനാൽ ചുവടെ ചേർക്കുന്ന നിർദ്ദേശങ്ങൾ

നൽകി പരാമർശം 1 പ്രകാരം പുറപ്പെടുവിച്ച സർക്കാർ ഉത്തരവ് പരിഷ്കരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

I . വനം വകുപ്പിന്റെ അനുമതിയോടെ വന ഭൂമി വേർതിരിക്കുന്ന ജണ്ടയുടെ പുറത്തുള്ള അസംരക്ഷിത വന ഭൂമിയിൽ കൃഷി ചെയ്യുന്ന കർഷകർക്ക് സംസ്ഥാന വിള ഇൻഷ്വറൻസ്, പ്രകൃതി ക്ഷോഭം മൂലമുള്ള കൃഷി നാശത്തിനുള്ള നഷ്ട പരിഹാരം ഉൾപ്പടെ സംസ്ഥാന കൃഷിവകുപ്പ് മുഖേനെ നടപ്പിലാക്കുന്ന എല്ലാ പദ്ധതികളുടെയും ആനുകൂല്യം നല്കാവുന്നതാണ്. . എന്നാൽ, പ്രസ്തുത സ്ഥലത്തു കൃഷി ചെയ്യുന്ന ഹ്രസ്വ കാല വിളകളായ നെല്ല്, പച്ചക്കറി, കിഴങ്ങു വർഗ്ഗങ്ങൾ മുതലായവയും വാർഷിക വിളകളായ വാഴ ഉൾപ്പടെയുള്ള വിളകൾക്കും മാത്രമേ ആനുകൂല്യം നല്കാവൂ.

II . പരാമർശം 1 ന്റെ അനുബന്ധമായി ചേർത്തിരുന്ന കർഷകന്റെ സത്യ പ്രസ്താവനയിൽ കൃഷി ഓഫീസർ / അദ്ദേഹം നിയോഗിക്കുന്ന ഉദ്യോഗസ്ഥനും അതാത് പ്രദേശത്തെ വാർഡ് കൺസിലർ / മെമ്പറും സംയുക്ത പരിശോധന നടത്തേണ്ടതും പ്രസ്തുത പരിശോധന റിപ്പോർട്ട് തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ വികസന കാര്യ സ്റ്റാൻഡിംഗ് കമ്മിറ്റിയിൽ അവതരിപ്പിച്ച് അംഗീകാരം വാങ്ങേണ്ടതുമാണ്. പ്രസ്തുത റിപ്പോർട്ടിൽ വിളയുടെ വ്യാപ്തി / എണ്ണം / വിസ്തൃതി, പരിശോധന സമയത്തെ പ്രായം, അവസ്ഥ എന്നിവ നിർബന്ധമായും ഉൾപ്പെടുത്തേണ്ടതുമാണ്.

III . കൃഷി ചെയ്യുന്നതിന് വനം വകുപ്പ് രേഖ മൂലമായി അനുമതി നിഷേധിക്കുന്ന സ്ഥലങ്ങളിൽ ഒരു ആനുകൂല്യവും നല്കാൻ പാടുള്ളതല്ല.

IV . കൃഷിസ്ഥലം വാടകയ്ക്ക് എടുക്കുകയും എന്നാൽ വിസ്തൃതി തെളിയിക്കുന്നതിനായി നിലവിൽ ഹാജരാക്കുന്ന നികുതി രസീതിന്റെ പകർപ്പ്, വാടക കരാറിന്റെ പകർപ്പ് എന്നിവ ലഭ്യമല്ലാത്ത പക്ഷവും മുകളിൽ പറഞ്ഞ നിർദ്ദേശം പാലിക്കേണ്ടതാണ്.

3. മേൽ ഭേദഗതികളോടെ പരാമർശം 1 ലെ സർക്കാർ ഉത്തരവ് നിലനിൽക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
എസ് സാബിർ ഹുസൈൻ
അഡിഷണൽ സെക്രട്ടറി

ഡയറക്ടർ, കാർഷിക വികസന കർഷക ക്ഷേമ വകുപ്പ്, തിരുവനന്തപുരം
ഡയറക്ടർ, ഇൻഷ്വറൻസ് വകുപ്പ് ,തിരുവനന്തപുരം
റീജനൽ മാനേജർ, അഗ്രിക്കൾച്ചർ ഇൻഷ്വറൻസ് കമ്പനി ഓഫ് ഇൻഡ്യാ ലിമിറ്റഡ് (AICIL), 8th Floor, കാർമൽ ടവേഴ്സ്, കോട്ടൺഹിൽ PO, വഴുതക്കാട്, തിരുവനന്തപുരം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്/ എ&ഇ) കേരള, തിരുവനന്തപുരം

പ്രിൻസിപ്പൽ ഇൻഫർമേഷൻ ഓഫീസർ, ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം
വനം, വന്യ ജീവി വകുപ്പ്
വിവര പൊതുജന സമ്പർക്ക വകുപ്പ് (Web & New Media)
സ്റ്റോക്ക് ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

**Signed by Jyothi A J**
**Date: 29-10-2022 10:44:39**
സെക്ഷൻ ഓഫീസർ

പകർപ്പ്- ബഹു കൃഷി വകുപ്പ് മന്ത്രിയുടെ പി.എസ്സിന്
കാർഷികോത്പാദന കമ്മീഷണറുടെ പിഎയ്ക്ക്
കൃഷി വകുപ്പ് സെക്രട്ടറിയുടെ പിഎയ്ക്ക്